# 32

# ക്രിസ്ത്യാനികൾ ജോലിക്കു പോകുമ്പോൾ

## (6:5- 9)

ക്രിസ്ത്യാനികൾ ആകുക എന്നാൽ നാം ചെയ്യുന്ന ജോലിയടക്കം, നമ്മുടെ ജീവിതത്തിന്റെ ഓരോ ഭാഗവും ക്രിസ്തു രൂപപ്പെടുത്തുക എന്നർത്ഥം. തങ്ങളുടെ യജമാനന്മാർക്കുവേണ്ടി ജോലി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ദാസന്മാർക്കു പൗലൊസ് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആ നിർദ്ദേശങ്ങളിൽ ജോലിക്കാർക്കു സഹായകരമായ ചില ഉപദേശങ്ങൾ ഉണ്ട്:

> ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ, ക്രിസ്തുവിനെ പോലെ തന്നേ, ഹൃദയത്തിന്റെ ഏകാഗ്രതയിൽ, ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ, ദൃഷ്ടി സേവ യാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെ പോലെ, ദൈവേഷ്ടം മനസോടെ ചെയ്തും. മനുഷ്യരെയല്ല, കർത്താവിനെ തന്നേ, പ്രീതിയോടെ സേവിച്ചും കൊണ്ടു അനുസരിപ്പിൻ, ദാസനോ സ്വതന്ത്രനോ, ഓരോരുത്തൻ ചെയ്യുന്ന നന്മക്കു, കർത്താവിൽ നിന്നു പ്രതിഫലം പ്രാപിക്കും എന്നു നിങ്ങൾ അറി യുന്നുവല്ലോ. യജമാനന്മാരേ, അവരുടേയും നിങ്ങളുടേയും യജമാനൻ, സ്വർഗ്ഗത്തിൽ ഉണ്ടെന്നും, അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറി ഞ്ഞുകൊണ്ടു, അങ്ങനെ തന്നേ അവരോടു പെരുമാറുകയും, ഭീഷണിയ്ക്കു ഒഴിക്കയും ചെയ്വിൻ (6:5-9).

"ആത്മാവു നിറഞ്ഞവരാകുവിൻ" എന്നു പൗലൊസ് കല്പിച്ചതിന്റെ പശ്ചാ ത്തലത്തിൽ വേണം നാം ആ വാക്യങ്ങൾ മനസിലാക്കുവാൻ (5:18). പരിശു ദ്ധാത്മാവിന്റെ സ്വാധീനത്തിൻകീഴിൽ ജീവിക്കുവാനാണ് പൗലൊസ് ക്രിസ്ത്യാനികളോടു പറഞ്ഞത്. അതിന് ദൈവേഷ്ടത്തിനു കീഴ്പ്പെടേണ്ടതും ആവശ്യമാണ്. വചനം നമ്മിൽ വസിക്കുവാൻ നാം അനുവദിക്കണം എന്നതും അതിൽ ഉൾപ്പെടുന്നു. ആത്മാവു നിറഞ്ഞവരായാൽ ഉള്ള ചില ഫലങ്ങളെ പൗലൊസ് എടുത്തു പറയുന്നുണ്ട്: ഗീതങ്ങളാലും, സ്തുതിക ളാലും, സങ്കീർത്തനങ്ങളാലും ആത്മിയ ബന്ധം നടത്തണം; എല്ലാറ്റിനും ദൈവത്തോടു സ്തോത്രം ചെയ്യണം; അന്യോന്യം കീഴ്പ്പെടുകയും വേണം. ആ കീഴ്പ്പെടലിൽ ഭർത്താക്കന്മാരും ഭാര്യമാരും, മാതാപിതാക്കളും മക്കളും, ദാസന്മാരും യജമാനന്മാരും ഉൾപ്പെടുന്നു.

സന്ദർഭം വിട്ടു പോകരുത്. ജോലി സ്ഥലത്തെ ഉപദേശങ്ങൾ ആത്മാ വിൽ നിറഞ്ഞവരായിരിപ്പിൻ എന്ന കല്പനയുമായി നേരിട്ടു ബന്ധപ്പെട്ടിരി

ക്കുന്നതല്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ജോലിയിൽ നാം ക്രിസ്ത്യാനികൾ ആയി ജീവിക്കുന്നതിൽ പരാജയപ്പെട്ടാൽ നമ്മിൽ ആരും ജോലി സ്ഥലത്തു ദൈവം ആഗ്രഹിക്കുന്ന രീതിയിലുള്ള ക്രിസ്ത്യാനികൾ ആണെന്നു അവകാശപ്പെടുവാൻ കഴിയുകയില്ല. വിശ്വസ്ത ജോലിക്കാരായി സേവിക്കുമ്പോൾ ക്രിസ്ത്യാനികൾ ആത്മാവിൽ - നിറവുള്ളവരായി ജീവിക്കുന്നത് കാണാൻ കഴിയും.

**വിശ്വസ്ത ജോലിക്കാർ**

യജമാനന്മാരും ദാസന്മാരും തമ്മിലുള്ള ബന്ധത്തെ പൗലൊസ് പ്രത്യേകമായി എടുത്തു പറയുന്നു. പൗലൊസിന്റെ കാലത്ത്, അതു ജോലി സ്ഥലത്തുള്ള ചെറിയ ബന്ധം മാത്രം ആയിരുന്നു. വിപുലപ്പെടുത്തിയാൽ, ആ തത്വങ്ങൾ നമുക്ക് ഇന്നത്തെ ജോലി ചെയ്യിക്കുന്നവരും/ചെയ്യുന്നവരും തമ്മിലുള്ള ബന്ധത്തിൽ പ്രയോഗിക്കാം. ജോലിക്കാർക്ക് പൗലൊസ് നാലു പ്രബോധനങ്ങൾ നല്കിയിട്ടുണ്ട്.

1. *അനുസരണമുള്ളവരാകുക.* പൗലൊസ് പറഞ്ഞു, "ദാസന്മാരേ, ജഡപ്രകാരം നിങ്ങളുടെ യജമാനന്മാരെ അനുസരിപ്പിൻ, ..." (6:5). അതു നിരന്തര മനോഭാവമായിരിക്കണം. തുടരേണ്ട അനുസരണം എന്നു സൂചിപ്പിക്കുന്ന കാലമാണ് ക്രിയയിൽ പൗലൊസ് ഉപയോഗിച്ചത്. ജോലി ചെയ്യിക്കുന്നവരുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും തടസ്സം കൂടാതെ ആജ്ഞാനുവർത്തികളാകണം ജോലിക്കാർ - നിയമരഹിതമായോ, അധാർമ്മികമായോ, ദൈവേഷ്ടത്തിനു വിരുദ്ധമായോ പറയുന്നില്ലെങ്കിൽ മാത്രം. ജോലി ചെയ്യിക്കുന്ന ചിലർ യുക്തിരഹിതരും, പരുഷ സ്വഭാവക്കാരും, വിഡ്ഢികളും, ഇടപെടാത്തവരും, കർക്കശരും ആയിരിക്കാം; പക്ഷെ ക്രിസ്തീയ ജോലിക്കാർ തങ്ങളുടെ കഴിവിന്റെ പരമാവധി നന്മ പ്രവർത്തിക്കുക. 1 പത്രൊസ് 2:18-20-ൽ നാം വായിക്കുന്നു,

> വേലക്കാരേ, പൂർണ്ണ ഹൃദയത്തോടെ യജമാനന്മാർക്കു, നല്ലവർക്കും ശാന്തന്മാർക്കും മാത്രമല്ല, മൂർഖന്മാർക്കും കൂടെ കീഴടങ്ങിയിരിപ്പിൻ. ഒരുത്തൻ ദൈവത്തെ കുറിച്ചുള്ള മനോബോധം നിമിത്തം, അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദമാകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ടു, അടി കൊള്ളുന്നതു സഹിച്ചാൽ, എന്തു യശസുള്ളു? അല്ല നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ, അതു ദൈവത്തിനു പ്രസാദം.

നമ്മുടെ ജോലി അസ്വീകാര്യമാണെങ്കിൽ നമ്മുടെ രക്ഷാസന്ദേശം ആളുകൾ ചെവിക്കൊള്ളുകയില്ല. നാം ജോലിയെ കുറിച്ചു അധികവും പരാതിപ്പെടുന്നവരാണെങ്കിൽ നമുക്ക് എന്തു പറയാനുണ്ട് എന്ന് ആളുകൾ ശ്രദ്ധിക്കുകയില്ല. നാം മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്നേടത്തോളം, അനുസരണയും കീഴ്പ്പെടുന്നതുമായ മനോഭാവത്തോടെ നമ്മുടെ കഴിവിന്റെ പരമാവധി അവരുടെ മേന്മക്കായി നല്കണം.

2. *ബഹുമാനിക്കുക.* പൗലൊസ് പറഞ്ഞു, "ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെ പോലെ തന്നേ, ഹൃദയത്തിന്റെ ഏകാഗ്രതയിൽ, ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ, ..." ജോലി ചെയ്യിക്കുന്നവർ ബഹുമാനത്തിനു അർഹരായാലും ഇല്ലെങ്കിലും, ക്രിസ്തീയ

ജോലിക്കാർ തങ്ങളുടെ യജമാനന്മാരെ ബഹുമാനിക്കണം. പ്രശ്നം വ്യക്തിയല്ല, മറിച്ചു ദൈവ പദ്ധതിയാണ്. അധികാരത്തിനു കീഴ്പ്പെടുവാനാണ് ദൈവ പദ്ധതി പറയുന്നത്. ജീവിതത്തിന്റെ നിർമ്മിതിക്കാണ് ദൈവം പദ്ധതി ഒരുക്കിയിരിക്കുന്നത്. ആളുകൾ അധികാരത്തിനു കീഴ്പ്പെടുക എന്ന തത്വത്തിനെതിരായി മത്സരിച്ചാൽ സമൂഹം ശരിയായി പ്രവർത്തിക്കുകയില്ല. അധികാരത്തിനു കീഴ്പ്പെടുക എന്ന തത്വം ഭർത്താവിനും ഭാര്യക്കും, മാതാപിതാക്കൾക്കും മക്കൾക്കും, അല്ലെങ്കിൽ ജോലി ചെയ്യിക്കുന്നവർക്കും ജോലിക്കാർക്കും, ബാധകമാണ്. അതു നാം അവഗണിച്ചാൽ, പല പ്രശ്നങ്ങളും ഉണ്ടാകും. വിശ്വസ്തനായ ക്രിസ്ത്യാനി ദൈവ വ്യവസ്ഥക്കു ബഹുമാനത്തോടെ കീഴ്പ്പെടും. അവൻ അതു പരാതിയോ, വിമർശനമോ, അല്ലെങ്കിൽ വ്യവസ്ഥക്കെതിരായി മത്സരിക്കുകയോ ചെയ്യാതെ, ആത്മാർത്ഥമായി ചെയ്യും.

3. *നിങ്ങളുടെ ലക്ഷ്യം ശുദ്ധമായി സൂക്ഷിക്കുക.* ജോലി ചെയ്യുന്നവർക്കു കീഴ്പ്പെട്ടിരിക്കേണ്ടതിന്റെ ഉദ്ദേശം എന്താണ്? നാം ക്രിസ്തുവിനെ അനുസരിക്കുന്നതുപോലെ നമ്മുടെ ഭൗമിക യജമാനന്മാരെയും അനുസരിക്കണമെന്നാണ് ദൈവം പ്രതീക്ഷിക്കുന്നതെന്നു പൗലൊസ് പറഞ്ഞു (6:5). നമ്മുടെ ജോലി അടക്കം, ജീവിതത്തിൽ ചെയ്യുന്നതെല്ലാം, കർത്താവിനു മഹത്വപ്പെടുത്തിവേണം ചെയ്യുവാൻ: "നിങ്ങൾ, തിന്നാലും കുടിച്ചാലും, എന്തു ചെയ്താലും, ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ" (1 കൊരിന്ത്യർ 10:31); "വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും, സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും, അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ" (കൊലൊസ്യർ 3:17); "നിങ്ങൾ ചെയ്യുന്നതു ഒക്കെയും, മനുഷ്യർക്കെന്നല്ല കർത്താവിനു എന്നപോലെ, മനസോടെ ചെയ്‌വിൻ; അവകാശം എന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു. നിങ്ങൾ കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ" (കൊലൊസ്യർ 3:23, 24).

നിങ്ങളുടെ ജോലി വലിയ കാര്യമുള്ളതല്ല എന്നു നിങ്ങൾക്കു തോന്നിയേക്കാം. നിങ്ങൾ ചെയ്യുന്നതു ഒരുപക്ഷെ നിങ്ങൾക്ക് ഇഷ്ടമല്ലായിരിക്കാം. നിങ്ങളുടെ മേലധികാരിയെ നിങ്ങൾക്ക് ഇഷ്ടം അല്ലായിരിക്കാം. എങ്ങനെയായാലും, നിങ്ങളുടെ ജോലി ദൈവത്തോടുള്ള ഒരു സേവനമായി കരുതി കർത്താവിനു മഹത്വം കരേറ്റാം. ദൈവത്തിന്റെ മഹത്വത്തിനായി അതു ചെയ്യുക. അതുകൊണ്ടായിരിക്കട്ടെ നിങ്ങളുടെ ജോലിയിലും മേലുദ്യോഗസ്ഥനു വേണ്ടിയും നിങ്ങൾ കഴിവിന്റെ പരമാവധി നൽകുന്നത്.

4. *ശ്രേഷ്ഠതക്കായി സമർപ്പിക്കപ്പെടുക.* നാം പറയുന്നതിന്റെയും ചെയ്യുന്നതിന്റെയും എല്ലാം ഉദ്ദേശം ദൈവത്തെ മഹത്വപ്പെടുത്തുന്നതാകകൊണ്ട്, നാം നമ്മുടെ ജോലി സ്ഥലത്തു ശ്രേഷ്ഠതക്കായി സമർപ്പിക്കപ്പെടണം. അടിക്കടി ക്രിസ്തുവിനെ എടുത്തു കാണിച്ചു പൗലൊസ് ഇതിനെ ഊന്നി പറയുകയാണ്. നാം ക്രിസ്തുവിനെ അനുസരിക്കുന്നതുപോലെ നാം നമ്മുടെ ജഡപ്രകാരമുള്ള യജമാനന്മാരെ അനുസരിക്കണം (6:5). വാക്യം 6-ൽ അവൻ പറയുന്നു, "മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെ പോലെ, ദൃഷ്ടി സേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെ പോലെ, ദൈവേഷ്ടം മനസോടെ ചെയ്തും." വാക്യം 7-ലും ശ്രേഷ്ഠതക്കുവേണ്ടി പറയുന്നുണ്ട്: "ദൈവേഷ്ടം മനസോടെ ചെയ്തും, കർത്താവിനെ തന്നേ, പ്രീതിയോടെ സേവിച്ചുകൊണ്ടു

പ്രസാദിപ്പിൻ."

ഹൈസ്ക്കൂളിലെ ഡ്രില്ല് ക്ലാസ് ഞാൻ ഓർക്കുന്നു. ക്ലാസിന്റെ സമയത്തു എല്ലാ ദിവസവും ഞങ്ങൾ വ്യായാമം ചെയ്യണം. അദ്ധ്യാപകൻ കൂട്ടത്തിന്റെ നടുവിൽ നില്ക്കുമ്പോൾ, വിദ്യാർത്ഥികളിൽ പകുതി പേരെ മാത്രമേ അയാൾക്കു കാണുവാൻ പറ്റൂ. അദ്ദേഹം വലത്തോട്ടു നോക്കുമ്പോൾ, വലതുവശത്തുള്ള എല്ലാവരും തീവ്രമായ വ്യായാമത്തിലാകും; പക്ഷെ ആ സമയത്ത് ഇടത്തുള്ളവർ വിശ്രമിക്കും. അദ്ദേഹം ഇടതുവശത്തേക്കു നോക്കുവാൻ തിരിയുമ്പോൾ, ഇടതുവശത്തുള്ള എല്ലാവരും കഠിനാഭ്യാസത്തിലാകും, അപ്പോൾ വലതു വശത്തുള്ളവർ അല്പം ആശ്വസിക്കും. അതു ചിലപ്പോൾ ജോലിസ്ഥലത്തും സംഭവിക്കും. ചില ജോലിക്കാർ ഏറ്റവും നന്നായി ജോലി ചെയ്യുന്നതു ബോസ് അടുത്തുള്ളപ്പോഴായിരിക്കും. അവരിൽ ശ്രേഷ്ഠതക്കു വേണ്ട സമർപ്പണം കുറവാണ്.

ദൈവം പ്രവർത്തിക്കുന്നവനായിട്ടാണ് ഉല്പത്തി 1 വ്യക്തമാക്കുന്നത്. അവൻ ലോകത്തെ സൃഷ്ടിച്ചു. അവനും ശ്രേഷ്ഠതക്കുവേണ്ടി സമർപ്പിക്കപ്പെട്ടിരുന്നു. "ഞാൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു, എത്രയും നല്ലതു എന്നു കണ്ടു" (ഉല്പത്തി 1:31). ക്രിസ്ത്യാനികൾ എപ്പോഴും കഠിനമായി അദ്ധ്വാനിക്കയും അദ്ധ്വാനം ഏറ്റവും നന്നായിരിക്കുകയും വേണം. അവർ എവിടെ ജോലി ചെയ്താലും അവർ ഏറ്റവുമധികം സമർപ്പിക്കപ്പെട്ട ക്രിസ്ത്യാനികൾ ആകണം. ജോൺ സ്റ്റോട്ട് ഇങ്ങനെ അഭിപ്രായപ്പെട്ടു:

> യേശു ആഹാരത്തിനു വരുന്നു എങ്കിൽ വീട്ടമ്മ ആഹാരം പാചകം ചെയ്യുവാൻ സാധ്യതയുണ്ട്, അല്ലെങ്കിൽ അതിഥിയായി യേശുവാണു വരുന്നതെങ്കിൽ അലങ്കോലപ്പെട്ട വീടെല്ലാം വൃത്തിയാകും. അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കുവാനും, ഡോക്ടേഴ്സു രോഗികളെ ചികിത്സിക്കുവാനും നഴ്സുമാർ ശുശ്രൂഷിക്കയും, വക്കീലുമാർ തങ്ങളുടെ കക്ഷികൾക്കുവേണ്ടി വാദിക്കയും, കടയിലെ ജോലിക്കാർ ഉപഭോക്താക്കളോടും, എക്കൗണ്ടു നോക്കുന്നവർ ബുക്കുകൾ ഓഡിറ്റു ചെയ്യുകയും സെക്രട്ടറിമാർ എഴുത്തുകൾ ടൈപ്പു ചെയ്യുകയും ചെയ്യുന്നതെല്ലാം ഓരോ ജോലിയിലും അവർ യേശുക്രിസ്തുവിനെ സേവിക്കയാണ്.[1]

### ശ്രദ്ധാലുവായി ജോലി ചെയ്യിക്കുന്നവർ

ക്രിസ്ത്യാനികൾ ശ്രദ്ധാലുക്കളായി ജോലി ചെയ്യിക്കുന്നവരാകുമ്പോൾ അവർ ആത്മ – നിറവിൽ ജീവിക്കുന്നതായും കാണിക്കുന്നു. ചുരുക്കത്തിൽ, യജമാനന്മാരോടു അഥവാ ജോലി ചെയ്യിക്കുന്നവരോടു പൗലൊസിന് പറയുവാനുള്ളതു നോക്കുക: "യജമാനന്മാരേ, അവരുടേയും നിങ്ങളുടേയും യജമാനനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും, അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും, അറിഞ്ഞുകൊണ്ടു അങ്ങനെ തന്നേ, അവരോടു പെരുമാറുകയും, ഭീഷണിവാക്ക് ഒഴിക്കയും ചെയ്വിൻ" (6:9).

യജമാനന്മാർക്കു പൗലൊസ് നല്കിയ മൂന്നു മാർഗ്ഗ രേഖകൾ ഇന്നു ജോലി ചെയ്യിക്കുന്നവർ പിൻപറ്റേണ്ടതാണ്:

1. *അനുസരിക്കുക*. അവൻ പറഞ്ഞു, "നിങ്ങൾ ദാസന്മാരോടു അങ്ങനെ തന്നെ പെരുമാറുക." ഞാൻ മനസിലാക്കുന്നത് "അതേ രീതിയിൽ" എന്നു

പറഞ്ഞിരിക്കുന്നതു സൂചിപ്പിക്കുന്നതു മുൻപു വേലക്കാരോടു പറഞ്ഞ അതേ ഉദ്ദേശം അഥവാ ലക്ഷ്യത്തെയാണ് – നിങ്ങൾ പറയുന്നതും പ്രവർത്തിക്കുന്നതും എല്ലാം കർത്താവിനു മഹത്വം കരേറ്റുന്നതായിരിക്കണം. നിങ്ങളെ ജോലി ചെയ്യിപ്പിക്കുവാൻ ദൈവം ആക്കി വെച്ച ആദ്യ ഉത്തരവാദിത്വം അതാണ്. നിങ്ങൾ നയിക്കുവാൻ അവൻ പ്രതീക്ഷിക്കുന്നത് ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടാകണം, ദൈവരാജ്യത്തിന്റെ നിലവാരത്തിനനുസരിച്ചു നിങ്ങൾക്ക് കണക്കു തരേണ്ടവരുടെ നിർദ്ദേശപ്രകാരമാകണം, സുവർണ്ണ നിയമപ്രകാരം പ്രവർത്തിക്കണം (നോക്കുക ലൂക്കൊസ് 6:31), നിങ്ങൾ വേലക്കാരോടു ബഹുമാനത്തോടെ പെരുമാറുക അതിനാൽ നിങ്ങൾ സേവിക്കുന്ന കർത്താവിനെ അവർ ബഹുമാനിക്കാതിരിക്കുവാൻ ഒരു കാരണം ഉണ്ടാവുകയുമില്ല.

2. *ദയയുള്ളവരാകുക.* നിങ്ങൾ പരുഷമാകയോ അല്ലെങ്കിൽ ഭീഷണിപ്പെടുത്തുകയോ അരുത്. ആരാണ് ബോസ് എന്ന് അറിയുവാൻ ദൈവഭക്തിയുള്ള നേതൃത്വം എല്ലാവരെയും അനുവദിക്കയില്ല. ജോലി ചെയ്യിക്കുന്ന ആൾ ക്രിസ്ത്യാനി ആണെങ്കിൽ അയാൾ ഒരിക്കലും ശാസിക്കുന്നവനോ പരിഗണിക്കാതിരിക്കുന്നവനോ ആവുകയില്ല, എന്നാൽ ദയയുള്ളവനും കരുതുന്നവനും ആകുവാൻ എപ്പോഴും ശ്രമിക്കും. ആവശ്യമുള്ളപ്പോൾ നിങ്ങൾ കടുപ്പവും ഉറപ്പും കാണിക്കരുത് എന്ന് ഇതിനർത്ഥമില്ല, എന്നാൽ നിങ്ങളുടെ മനോഭാവവും പെരുമാറ്റവും എപ്പോഴും നിങ്ങളിലുള്ള ക്രിസ്തുവിന്റെ ഭാവത്താൽ നിയന്ത്രിക്കപ്പെടണം.

3. *താഴ്മയുള്ളവനാകുക.* ഈ ഉദ്ദേശമാണ് പൗലൊസ് നല്കുന്നത്: “നിങ്ങളുടേയും അവരുടേയും യജമാനൻ സ്വർഗ്ഗത്തിലുണ്ടെന്നും, അവൻ മുഖപക്ഷം കാണിക്കയില്ല എന്നും അറിവിൻ.” നിങ്ങൾ എങ്ങനെ ജോലി ചെയ്യിക്കുന്നു എന്നു നോക്കുന്നതു സകല ന്യായാധിപന്മാരുടേയും അധിപനായ മുഖപക്ഷം കാണിക്കാത്ത ന്യായാധിപനാണ്. നിങ്ങൾ ബോസ് ആയതുകൊണ്ടു മാത്രം ജോലിക്കാരോടു മോശമായി പെരുമാറുന്നത് ദൈവം കണ്ടില്ലെന്നു നടിക്കുകയില്ല. നാം മറ്റുള്ളവരോടു പെരുമാറുന്നതിനെല്ലാം ദൈവത്തോടു കണക്കു കൊടുക്കണം.

**ഉപസംഹാരം**

ഞായറാഴ്ച്ച ക്രിസ്ത്യാനി ആയിരിക്കുന്ന ആൾ തിങ്കളാഴ്ച്ചയും ക്രിസ്ത്യാനി ആയിരിക്കണം. ആരാധനയിൽ ക്രിസ്ത്യാനി ആയിരിക്കുന്ന ആൾ ജോലി സ്ഥലത്തും ക്രിസ്ത്യാനി ആയിരിക്കണം.

നമ്മിൽ മിക്കപേർക്കും ജോലിയുണ്ട്. നമ്മിൽ ചിലർ ജോലിക്കാരും, മറ്റുള്ളവർ ജോലി ചെയ്യിക്കുന്നവരുമാണ്. ദൈവവചനം പറയുന്നതു എല്ലാവരും ചിന്തിക്കണം. ഈ ചോദ്യങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക:

- “ഞാൻ എന്റെ ജോലി സ്ഥലത്തു ദൈവത്തിനു മഹത്വം കരേറ്റുന്ന രീതിയിലാണോ പെരുമാറുന്നത്?”
- “ഞാൻ ശ്രേഷ്ഠതക്കായി എന്നെ സമർപ്പിച്ചിട്ടുണ്ടോ?”
- “ഞാൻ മറ്റുള്ളവരോടു ദയയും പരിഗണനയും കാണിക്കുന്നുണ്ടോ?”
- “ഞാൻ എന്റെ മേലധികാരികളോടു ഭക്തിയും, ബഹുമാനവും, സത്യസന്ധതയും പുലർത്തുന്നുണ്ടോ?”

- "ഞാൻ എന്റെ ജോലിയിൽ, 'നന്നായി ചെയ്തു' എന്നു യേശു പറയുവാനിടയാക്കുന്നുണ്ടോ?"

ഈ ചോദ്യങ്ങൾക്കെല്ലാം സത്യസന്ധമായി ഉത്തരം നല്കിയശേഷം, നിങ്ങൾ ചില പാപങ്ങൾ ദൈവത്തോട് ക്ഷമാപണത്തിനായി ഏറ്റു പറയുവാൻ ആഗ്രഹിച്ചേക്കാം. നാം ചെയ്യുന്നതിലെല്ലാം, ജോലി സ്ഥലത്തു ചെയ്യുന്നതടക്കം എല്ലാറ്റിലും ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമ്മെത്തന്നെ സമർപ്പിക്കാം.

---

കുറിപ്പു

[1]ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട്, *ദ മെസേജ് ഓഫ് എഫെഷ്യൻസ്: ഗോഡ്സ് ന്യൂ സൊസൈറ്റി,* ദ ബൈബിൾ സ്പീക്സ് ടുഡേ, ജെന. എഡി. ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ - വാഴ്സിറ്റി പ്രെസ്, 1979), 252.